## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3060      10.03.2017 -ൽ മറുപടിക്ക്

### വില്ലേജുകളുടെ വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ചിറ്റൂർ താലൂക്കിൽ എത്ര വില്ലേജുകളാണ് ഉള്ളത് എന്ന് വിശദമാക്കുമോ; | (എ) ചിറ്റൂർ താലൂക്കിൽ 30 വില്ലേജുകളാണുള്ളത്. |
| (ബി) ഒരു വില്ലേജ് മാത്രമുള്ള ഏതൊക്കെ പഞ്ചായത്തുകളാണ് താലൂക്കിൽ ഉള്ളത് എന്ന് വിശദമാക്കുമോ; | (ബി) പട്ടഞ്ചേരി, പല്ലശേന, എലവഞ്ചേരി, നെല്ലിയാമ്പതി, പുതുനഗരം, വടവന്നൂർ എന്നീ പഞ്ചായത്തുകളിലാണ് ഒരു വില്ലേജ് മാത്രമുള്ളത്. |
| (സി) നെന്മാറ നിയോജക മണ്ഡലത്തിലെ പല്ലശ്ശന, എലവഞ്ചേരി, വടവന്നൂർ, പുതുനഗരം ഗ്രാമ പഞ്ചായത്തുകളിലെ വില്ലേജുകൾ വിഭജിച്ച് രണ്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) വില്ലേജുകളുടെ വിഭജനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) സംസ്ഥാനത്ത് നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ